പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3970

18.10.2011 - ൽ മറുപടിക്ക്

**ചേർത്തല ഗവൺമെന്റ് പോളിടെക്നിക്**

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | മറുപടി<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| എ) ചേർത്തല ഗവൺമെന്റ് പോളിടെക്നിക്കിൽ നിലവിൽ എത്ര ബ്രാഞ്ചുകളാണുള്ളത്; | എ) മൂന്ന് |
| ബി) മെക്കാനിക്കൽ എൻജിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് എന്നീ രണ്ടു പുതിയ ബ്രാഞ്ചുകൾ അനുവദിച്ചു നൽകാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ; | ബി) ഉണ്ട് |
| സി) എങ്കിൽ ഈ രണ്ടു ബ്രാഞ്ചുകൾ ഇവിടെ പുതുതായി ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് അറിയിക്കുമോ; | സി) എ.ഐ.സി.റ്റി.ഇ.യുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. |
| ഡി) പെൺകുട്ടികളെ സംബന്ധിച്ചിടത്തോളം കൂടുതൽ തൊഴിൽ സാധ്യതകളുള്ളതും സൗകര്യപ്രദവുമായ കമ്പ്യൂട്ടർ സയൻസ് ബ്രാഞ്ച് ചേർത്തല ഗവൺമെന്റ് പോളിടെക്നിക്കിൽ ആരംഭിച്ചാൽ നിലവിലുള്ള കമ്പ്യൂട്ടർ ഹാർഡ്‌വെയർ മെയിന്റനൻസ് കോഴ്സിനെക്കാൾ കൂടുതൽ പ്രയോജനമുണ്ടാകുമെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ഡി) ഇല്ല |
| ഇ) മുമ്പ് ടെക്നിക്കൽ സ്കൂളായി പ്രവർത്തിച്ചിരുന്നതിനാൽ ഗവൺമെന്റ് പോളിടെക്നിക്കിൽ ലെയ്ത്ത്, വെൽഡിംഗ്, ഡ്രില്ലിംഗ് ഉപകരണങ്ങൾ അവശേഷിക്കുന്നുണ്ടെന്നും അവ ഉപയോഗിക്കാതെ നശിച്ചുപോകുകയാണെന്നുള്ളതും കണക്കിലെടുത്ത് ഇവ കൂടി ഉപയോഗപ്പെടുത്താവുന്ന വിധത്തിൽ പുതിയ മെക്കാനിക്കൽ എൻജിനീയറിംഗ് ബ്രാഞ്ച് അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | ഇ) എ.ഐ.സി.റ്റി.ഇ യുടെ അംഗീകാരം ലഭിച്ചെങ്കിൽ മാത്രമേ തുടർ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ